## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4309

27/06/2013-ൽ
മറുപടിയ്ക്ക്

'വാക്ക് വിത്ത് എ സ്കോളർ' പദ്ധതി

**ചോദ്യം**
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. .പി.സി.വിഷ്ണുനാഥ് :
ശ്രീ. ആർ.സെൽവരാജ്:
ശ്രീ.റ്റി.എൻ.പ്രതാപൻ :

**മറുപടി**
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'വാക്ക് വിത്ത് എ സ്കോളർ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) | ആർട്സ്-സയൻസ്-കോമേഴ്സ് ബിരുദ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന പരിപാടികൾ നടപ്പിലാക്കുകയും അവരെ ഭാവിയിലേക്കുള്ള വാഗ്ദാനങ്ങളാക്കി മാറ്റുന്നതിലേയ്ക്കായി അവർക്ക് വഴികാട്ടിയായി പ്രവർത്തിക്കുന്ന ഉപദേഷ്ടാക്കളെ നിയമിച്ച് പരിപാടികൾ നടപ്പിലാക്കുകയുമാണ് ചെയ്തിട്ടുള്ളത്. മാർഗ്ഗനിർദ്ദേശം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ഉപദേഷ്ടാവ് ഒരു മാർഗ്ഗദർശിയായും കൂട്ടുകാരനായും പഠിതാക്കൾക്കൊപ്പം പ്രവർത്തിക്കുന്നു. പദ്ധതിയിലുൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഒരു internal mentor-ന്റെയും ഒരു external mentor-ന്റെയും സഹായം ലഭ്യമാകും. |
| (ബി) | ഏതെല്ലാം വിദ്യാർത്ഥികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | യോഗ്യതാ പരീക്ഷയിൽ 60% മാർക്കെങ്കിലും നേടിയിട്ടുള്ള വിദ്യാർത്ഥികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. എസ്.സി /എസ്.ടി വിദ്യാർത്ഥികൾക്ക് 60% മാർക്ക് നിർബന്ധമല്ല. താൽപര്യമുള്ള വിദ്യാർത്ഥികളിൽ നിന്നും കോളേജ് തലത്തിൽ അപേക്ഷകൾ ക്ഷണിച്ചാണ് കോ-ഓർഡിനേറ്ററുടെ സഹായത്തോടെ കോളേജുകളിൽ വിദ്യാർത്ഥികളെ ഈ പദ്ധതിയിലേക്ക് തെരെഞ്ഞെടുക്കുന്നത്. |
| (സി) | വിദഗ്ധരുടെ ഉപദേശങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; | (സി) | ആർട്സ്-സയൻസ്-കോമേഴ്സ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ട ആവശ്യക്രമീകരണങ്ങൾ നൽകി തൊഴിൽ സാദ്ധ്യതയുള്ള മേഖലകൾ കണ്ടെത്തുകയും ഉന്നത |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസത്തിനാവശ്യമായ മേഖലകൾ കണ്ടെത്തിക്കൊടുക്കുകയും ചെയ്യുന്നതിലേയ്ക്കായി വാക്ക് വിത്ത് എ സ്കോളർ എന്ന പദ്ധതി 2012-13 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന കേന്ദ്ര പൊതുമേഖലകളിൽ പ്രവർത്തിക്കുന്നവരോ, വ്യവസായ മേഖലകളായ എഞ്ചിനീയറിംഗ്, വൈദ്യശാസ്ത്രം, ആർക്കിടെക്ചർ മേഖലകളിൽ പ്രവർത്തിക്കുന്നവരോ, ഇതിൽ ബിരുദമോ ബിരദാനന്തര ബിരുദമോ ഉള്ളവരെ ബാഹ്യോപദേഷ്ടാവായി തെരഞ്ഞെടുക്കുന്നു. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് യോഗ്യത മാനദണ്ഡമാക്കിയുള്ള ബാഹ്യോപദേഷ്ടാവിനെ കോളേജുകളിൽ സ്വമേധയാലും സാമൂഹികാടിസ്ഥാനത്തിലും കണ്ടെത്തുന്നു. കുട്ടി പഠിക്കുന്ന സ്ഥാപനത്തിലെ അദ്ധ്യാപകനായിരിക്കും ഇന്റേണൽ മാർഗ്ഗോപദേഷ്ടാവ്. |
| (ഡി) | പ്രസ്തുത പദ്ധതി ഏത് അധ്യയന വർഷം മുതലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ? | (ഡി) | 2012-13 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി അനുവദിച്ച 52.3 ലക്ഷം രൂപ വിനിയോഗിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 41 സർക്കാർ കോളേജുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഒരു കോളേജിൽ നിന്നും 30 വിദ്യാർത്ഥികൾ എന്ന നിലയിൽ ഏകദേശം 1230 വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് യോഗ്യത മാനദണ്ഡമാക്കിയിട്ടുള്ള ബാഹ്യോപദേഷ്ടാവിന്റെയും ഇന്റേണൽ മാർഗോപദേഷ്ടാവിന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ